# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE : 30.04.2026**

## പ്രധാനവാർത്തകൾ

RNU TVPM

1. നിയമസഭ തിരഞ്ഞെടുപ്പിൻറെ വിധി അറിയാൻ ഇനി നാല് നാൾ. സംസ്ഥാനത്ത് വോട്ടെണ്ണലിനുള്ള ക്രമീകരണങ്ങൾ അവസാനഘട്ടത്തിലേക്ക്.

2. പശ്ചിമ ബംഗാളിൽ നിയമസഭ തിരഞ്ഞെടുപ്പിൽ റെക്കോർഡ് പോളിംഗ്. രണ്ട് ഘട്ടങ്ങളിലും പോളിംഗ് 90 ശതമാനം കടന്നു.

3. വയനാട് മുണ്ടക്കൈ - ചൂരൽമല പുനരധിവാസ ടൗൺഷിപ് ഒന്നാം ഘട്ടത്തിലെ നിർമ്മാണം പൂർത്തിയാക്കിയ വീടുകൾ പരിശോധനക്കായി ഇന്ന് കിഫ്ബിക്കു കൈമാറും.

4. സംസ്ഥാനത്ത് നിന്നുള്ള ആദ്യ ഹജ്ജ് സംഘം ഇന്ന് നെടുമ്പാശ്ശേരിയിൽ നിന്ന് യാത്ര തിരിക്കും.

5. കനത്ത ചൂടിന് ആശ്വാസമായി സംസ്ഥാനത്ത് വേനൽ മഴ കൂടുതൽ ശക്തിപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മൂന്ന് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു പോരാട്ടം.

**വോട്ടെണ്ണൽ (ഇൻട്രോ)**

നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ വോട്ടെണ്ണലിനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. മെയ് നാലിന് രാവിലെ എട്ട് മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. തപാൽ വോട്ടുകളാവും ആദ്യം എണ്ണുക. അര മണിക്കൂറിന് ശേഷം വോട്ടിങ് യന്ത്രങ്ങളിലെ വോട്ടുകൾ എണ്ണാൻ ആരംഭിക്കും. സംസ്ഥാനത്ത് വോട്ടെണ്ണൽ കേന്ദ്ര ങ്ങളിൽ എത്തുന്ന കൗണ്ടിങ് ഏജന്റുമാർ, നിബന്ധനകൾ കർശനമായി പാലിക്കണമെന്ന് തെരഞ്ഞെടുപ്പു കമ്മീഷൻ നിഷ്കർഷിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി

(വോയ്സ്)

## പശ്ചിമബംഗാൾ - തിരഞ്ഞെടുപ്പ്

RNU TVPM

പശ്ചിമ ബംഗാളിൽ നിയമസഭ തിരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ട വോട്ടെടുപ്പ് പൂർത്തിയായി. രണ്ട് ഘട്ടങ്ങളിലുമായി റെക്കോർഡ് പോളിംഗാണ് രേഖപ്പെടുത്തിയത്. രണ്ടാം ഘട്ടത്തിൽ മാത്രം പോളിംഗ് 92.67 ശതമാനമാണ്. അന്തിമ കണക്ക് ഉടൻ പുറത്ത് വരും. ഏഴ് ജില്ലകളിലായി 142 മണ്ഡലങ്ങളാണ് ഇന്നലെ പോളിംഗ് ബൂത്തിലെത്തിയത്. നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ 93.19 ശതമാനമായിരുന്നു പോളിംഗ്.

## എക്സിറ്റ് പോൾ

വിവിധ സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പുകൾ പൂർത്തിയായതിന് പിന്നാലെ എക്സിറ്റ് പോൾ ഫലങ്ങൾ പുറത്തുവന്നു. അസമിൽ ബി.ജെ.പിയുടെ വൻ മുന്നേറ്റവും കേരളത്തിൽ ഭരണമാറ്റവും പ്രവചിക്കുന്നതാണ് പുറത്തുവന്ന റിപ്പോർട്ടുകൾ. അസമിൽ ബി.ജെ.പി നയിക്കുന്ന സഖ്യം വലിയ വിജയം നേടുമെന്നാണ് ഭൂരിഭാഗം എക്സിറ്റ് പോളുകളും പ്രവചിക്കുന്നത്. കേരളത്തിൽ യു.ഡി.എഫ് അധികാരത്തിൽ തിരിച്ചെത്തുമെന്നാണ് എക്സിറ്റ് പോൾ ഫലങ്ങൾ വ്യക്തമാക്കുന്നത്. കോൺഗ്രസ് നയിക്കുന്ന യു.ഡി.എഫ് സഖ്യം 75 മുതൽ 90 വരെ സീറ്റുകൾ

നേടി വിജയിക്കുമെന്ന് പ്രവചിക്കപ്പെടുമ്പോൾ, എൽ.ഡി.എഫിന് 45 മുതൽ 60 വരെ സീറ്റുകൾ ലഭിക്കാനാണ് സാധ്യത. പശ്ചിമബംഗാളിൽ ശക്തമായ മത്സരമാണ് പ്രവചിക്കുന്നത്. ചില സർവേകൾ ബി.ജെ.പിക്കും മറ്റു ചിലത് തൃണമൂൽ കോൺഗ്രസിനും വിജയം പ്രവചിക്കുന്നു. തമിഴ്നാട്ടിൽ ഡി.എം.കെ നയിക്കുന്ന സഖ്യം വ്യക്തമായ ഭൂരിപക്ഷം നേടുമെന്നാണ് സൂചന. പുതുച്ചേരിയിൽ എൻ.ഡി.എ സർക്കാർ വീണ്ടും അധികാരത്തിലെത്തുമെന്നാണ് പ്രവചനം.

## വയനാട് - ടൗൺഷിപ്പ് (ഇൻട്രോ)

വയനാട് മുണ്ടക്കൈ - ചൂരൽമല പുനരധിവാസടൗൺഷിപ് ഒന്നാം ഘട്ടത്തിലെ 178 വീടുകളുടെയും നിർമ്മാണം പൂർത്തിയാക്കി ഇന്ന് കിഫ്ബിക്കു കൈമാറും. സേവനകണക്ഷനുകളടക്കം സർവ്വ സജ്ജീകരണങ്ങളും ചെയ്തു പരിശോധനകളും പൂർത്തിയാക്കിയാണ് അന്തിമ പരിശോധനയ്ക്കായി കൈമാറുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്

(വോയ്സ്)

RNU TVPM

## ബംഗളൂരു – അപകടം

ബെംഗളൂരുവിൽ ഇന്നലെ കനത്ത മഴയിൽ ആശുപത്രിയുടെ ചുറ്റുമതിൽ ഇടിഞ്ഞുവീണുണ്ടായ അപകടത്തിൽ രണ്ട് മലയാളികൾ അടക്കം ഏഴു പേർ മരിച്ചു. കുടുംബശ്രീ വിനോദയാത്ര സംഘത്തിലെ പിറവം രാമമംഗലം സ്വദേശികളായ സ്മിത, ലത എന്നിവരാണ് മരിച്ച മലയാളികൾ. ഇവരുടെ മൃതദേഹം ഉച്ചയോടെ രാമമംഗലം ഗ്രാമ പഞ്ചായത്ത് ഓഫീസിന് മുന്നിൽ പൊതു ദർശനത്തിന് വച്ച ശേഷം രാമമംഗലത്തുള്ള സ്വന്തം വസതിയിൽ എത്തിക്കും. വൈകിട്ടോടെ സംസ്കാരം നടക്കും. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി C.P രാധാകൃഷ്ണനും ഉൾപ്പടെയുള്ളവർ ദുഃഖം അറിയിച്ചു.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁

## പേവിഷ വാക്സിൻ - പോലീസ് കേസെടുത്തു

പേവിഷ പ്രതിരോധ വാക്സിൻ എടുത്തിട്ടും എട്ട് വയസ്സുകാരി മരിച്ച സംഭവത്തിൽ വാക്സിൻ നൽകിയ പുനലൂർ താലൂക്ക് ആശുപത്രിയിലെ സൂപ്രണ്ടിനെയും മൂന്ന് ഡോക്ടർമാരെയും പ്രതിയാക്കി പോലീസ് കേസെടുത്തു. കോടതി നിർദ്ദേശത്തെതുടർന്നാണ് പോലീസ് നടപടി. കഴിഞ്ഞ വർഷം മെയ് അഞ്ചിന് പുലർച്ചെയാണ് കുന്നിക്കോട് സ്വദേശിനി നിയ ഫൈസൽ മരിച്ചത്. വാക്സിൻ എടുക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ പ്രതികൾ കൃത്യമായി പാലിച്ചിട്ടില്ല എന്നും എഫ്.ഐ.ആർ. ൽ പറയുന്നു.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁

## ലക്ഷദ്വീപ്

ലക്ഷദ്വീപിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തി ലക്ഷദ്വീപ് ഭരണകൂടം. ലക്ഷദ്വീപ് സന്ദർശിക്കാൻ വിനോദ സഞ്ചാരികൾക്ക് നിർബന്ധമായും വേണ്ടിയിരുന്ന പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും ദ്വീപിൽ നിന്നും ലഭ്യമാക്കേണ്ട സ്പോൺസർഷിപ്പും ഒഴിവാക്കി. പുതിയ വ്യവസ്ഥ പ്രകാരം, സഞ്ചാരികൾക്ക് ആധാർ കാർഡും ഫോട്ടോയും മാത്രം സമർപ്പിച്ച് ദ്വീപുകളിലേക്കുള്ള എൻട്രി പെർമിറ്റുകൾക്കായി ഓൺലൈൻ ആയി അപേക്ഷിക്കാം. സന്ദർശിക്കാൻ ഉദ്ദേശിക്കുന്ന ദ്വീപുകൾ വ്യക്തമാക്കി ഹെറിറ്റേജ് ഫീസ് അടയ്ക്കേണ്ടതുണ്ട്. കുറഞ്ഞത് 14 ദിവസം മുൻപെങ്കിലും അപേക്ഷ സമർപ്പിക്കണമെന്ന് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് പുറത്തിറക്കിയ ഉത്തരവിൽ പറയുന്നു.

RNU TVPM

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁

## മംഗളാദേവി (ഇൻട്രോ)

പെരിയാർ കടുവ സങ്കേതത്തിനുള്ളിലെ ചരിത്രപ്രസിദ്ധമായ മംഗളാദേവി കണ്ണകി ക്ഷേത്രത്തിൽ നാളെ നടക്കാനിരിക്കുന്ന ചിത്രാപൗർണ്ണമി ഉത്സവത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ഇടുക്കി - തേനി ജില്ലാ

ഭരണകൂടങ്ങളുടെ സംയുക്ത മേൽനോട്ടത്തിൽ വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഉത്സവത്തിനായി സജ്ജമാക്കിയിരിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ

(വോയ്സ്)

## ഹജ്ജ്

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള നെടുമ്പാശ്ശേരി ഹജ്ജ് ക്യാംപിന് തുടക്കമായി. ആദ്യ ഹജ്ജ് വിമാനം ഇന്ന് ഉച്ചക്ക് 2.10 ന് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നും പുറപ്പെടും. 430 തീർത്ഥാടകർ വീതമുള്ള 20 സർവീസുകളാണ് കൊച്ചിയിൽ നിന്നുള്ളത്. കേരളത്തിലെ മൂന്നു ഹജ്ജ് എമ്പാർക്കേഷൻ പോയിന്റുകളിൽ നിന്നുമായി 13,194 തീർത്ഥാടകരാണ് യാത്ര തിരിക്കുന്നത്.

PNU TVPM

## കാലാവസ്ഥ

കനത്ത ചൂടിന് ആശ്വാസമായി സംസ്ഥാനത്തിൻറെ വിവിധ ജില്ലകളിൽ വരും ദിവസങ്ങളിൽ വേനൽ മഴ കൂടുതൽ ശക്തിപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

## സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

വേനൽ മഴ ശക്തമായതോടെ, ഇടിമിന്നൽ മൂലമുള്ള അപകടങ്ങളിൽ ജാഗ്രത പുലർത്തണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. ഇടിമിന്നലിന്റെ ആദ്യ ലക്ഷണം കണ്ടുകഴിഞ്ഞാൽ ഉടൻ തന്നെ സുരക്ഷിതമായ കെട്ടിടത്തിനുള്ളിലേക്ക് മാറണം. വൈദ്യുത ഉപകരണ

ങ്ങളുമായുള്ള സാമീപ്യം ഇടിമിന്നലുള്ള സമയത്ത് ഒഴിവാക്കേണ്ടതാണ്. മരത്തിൻറെ ചുവട്ടിൽ നിൽക്കുന്നതും, ടാപ്പുകളിൽ നിന്ന് വെള്ളം ശേഖരിക്കുന്നതും ഈ സമയത്ത് ഒഴിവാക്കേണ്ടതാണ്. ടെറസിലേക്കോ, മുറ്റത്തേക്കോ ഇടിമിന്നലുള്ള സമയത്ത് പോകരുതെന്നും മാർഗ്ഗ നിർദേശ ങ്ങളിൽ പറയുന്നു.

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. രാത്രി 7.30ന് അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിലാണ് മത്സരം.

## ഓഹരി - സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 1,030 പോയിന്റ് ഇടിഞ്ഞു 76,473 ലും, നിഫ്റ്റി 320 പോയിന്റ് താഴ്ന്ന് 23,857 ലും വ്യാപാരം തുടരുന്നു. സ്വർണ വില കൂടി. പവന് 160 രൂപ ഉയർന്ന് ഒരു ലക്ഷത്തി 10,480 രൂപയും, ഗ്രാമിന് 13,810 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

## പാലക്കാട് - തീപിടുത്തം

പാലക്കാട് നഗരത്തിൽ ആളൊഴിഞ്ഞ പറമ്പിലുണ്ടായ അഗ്നിബാധ നിയന്ത്രിച്ചതായി ഫയർഫോഴ്സ് അറിയിച്ചു. സർക്കാർ മൃഗആശുപത്രിക്ക് സമീപം ജനവസമേഖലയോട് ചേർന്നുള്ള പറമ്പിലാണ് വൻ തീ പിടിത്ത മുണ്ടായത്. പറമ്പിൽ കൂട്ടിയിട്ട മാലിന്യങ്ങൾക്കാണ് തീ പിടിച്ചത്.

## ഐഐഎംസി

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ കോട്ടയം ക്യാമ്പസ് നടത്തുന്ന ഒരു വർഷത്തെ മലയാളം ജേർണലിസം പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി മെയ് 18 വരെ നീട്ടി. ബിരുദമാണ് അടിസ്ഥാന യോഗ്യത. പ്രവേശന പരീക്ഷ മെയ് 23 ന് നടക്കും. കൂടുതൽ വിവരങ്ങൾ iimc.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

RNU TVPM